ഒരു പ്രദേശമാണ്. അവർക്ക് തെക്കൻ ജില്ലകളുമായി ബന്ധപ്പെടാൻ ഏറ്റവും സൗകര്യം ഒരുക്കുന്ന ട്രെയിൻ സർവ്വീസാണിത്. ഏറനാട്, വള്ളുവനാട്, നിലമ്പൂർ താലൂക്കുകളിലെ രോഗികളായ ആളുകൾക്ക് ആർ.സി.സി.യുമായും ശ്രീചിത്ര ഹോസ്പിറ്റലുമായും ബന്ധപ്പെടാനുള്ള സൗകര്യം ഒരുക്കുന്ന നിലമ്പൂർ-ഷൊർണ്ണൂർ ട്രെയിൻ സർവ്വീസ് നേരിട്ട് തിരുവനന്തപുരത്തേയ്ക്ക് നീട്ടുന്നതിന് റെയിൽവേ വകുപ്പിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, നിലമ്പൂർ-ഷൊർണ്ണൂർ ട്രെയിൻ സർവ്വീസിന് ശ്രീ. വി. ശശികുമാർ പറഞ്ഞതിനെക്കാളും വലിയ ഒരു മാനമുണ്ട്. നിലമ്പൂർ-ഷൊർണ്ണൂർ റെയിൽപ്പാത തിരുവനന്തപുരംവരെ നീട്ടണമെന്ന ആവശ്യമാണ് അങ്ങ് പറഞ്ഞത്. നിലമ്പൂർ- നഞ്ചൻകോട് റെയിൽവേ ലൈനിന്റെ പണി ഇപ്പോൾ സജീവമായി നടക്കുകയാണ്. അത് കേരളത്തിന്റെ ഏറ്റവും വലിയ ചിരകാല അഭിലാഷമാണ്. 2001 -2002-ൽ നിലമ്പൂർ നഞ്ചൻകോട് പാതയുടെ സർവ്വേ പൂർത്തിയാക്കി. റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു. എന്നാൽ സംസ്ഥാന സർക്കാരിന്റെയും എം.പി.മാരുടെയും നിരന്തരമായ സമ്മർദ്ദങ്ങളുടെ ഫലമായി 2007-2008-ൽ റെയിൽവേ ബഡ്ജറ്റിൽ ഈ ലൈനിന്റെ സർവ്വേക്കുള്ള അനുമതി ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് കാര്യങ്ങൾ മുന്നോട്ട് പോകുന്നുണ്ട്. ഈ പാതയുടെ ആവശ്യകതയെക്കുറിച്ച് കേന്ദ്രത്തെ കൂടുതൽ ബോദ്ധ്യപ്പെടുത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗം വി. ശശികുമാർ സബ്മിഷൻ ഉന്നയിച്ചതുപോലെ നിലമ്പൂർ - ഷൊർണ്ണൂർ തീവണ്ടി സർവ്വീസ് തിരുവനന്തപുരത്തേക്ക് നീട്ടുന്നത് എന്തുകൊണ്ടും അഭികാമ്യമാണെന്ന് മാത്രമല്ല, മലപ്പുറം ജില്ലയുടെ മലയോര മേഖലയും തെക്കൻ ജില്ലകളും തിരുവനന്തപുരവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പാതയായിരിക്കും ഇത്. ആ ഗൗരവത്തിൽ കാണുകയും റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഡിസംബർ 31 -ന് തിരുവനന്തപുരത്ത് വച്ച് എം.പി.മാരുടെ ഒരു പ്രത്യേക യോഗം കൂടുന്നുമുണ്ട്. 2011 -12-ലെ ഫ്രീ റെയിൽവേ ബഡ്ജറ്റ് ഡിസ്ക്കഷനിൽ ഇതൊരു മുഖ്യ അജണ്ടയായി എടുത്ത് വീണ്ടും ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(12) കുട്ടികളെ കടത്തിക്കൊണ്ടു വരുന്ന സംഘങ്ങൾക്കെതിരെ നടപടി

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, നമ്മുടെ സംസ്ഥാനത്തെ പല വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടലുകളിലും അന്യസംസ്ഥാനങ്ങളിൽ നിന്ന് കടത്തിക്കൊണ്ടുവരുന്ന കുഞ്ഞുങ്ങളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന ദുഃഖകരമായ ഒരു കാഴ്ച നമുക്ക് കാണാൻ കഴിയും. ഈ അടുത്ത കാലത്ത് കൊല്ലത്ത് ഒരു കുഞ്ഞിനെ തമിഴ്നാട്ടിൽ നിന്ന് കടത്തിക്കൊണ്ടുവന്ന് ശരീരമാസകലം പൊള്ളിച്ച് കൊണ്ട് നടന്ന അവസരത്തിൽ പോലീസും നാട്ടുകാരും ചേർന്ന് കസ്റ്റഡിയിൽ എടുത്തു. അതിന്റെ തർക്കം ഇപ്പോഴും തീർന്നിട്ടില്ല. അതുപോലെ വിവിധ പ്രദേശങ്ങളിൽ ഈ കുഞ്ഞുങ്ങളെ തമിഴ്നാട്ടിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും പിടിച്ചുകൊണ്ടു പോവുകയാണ്. ഒരു കുഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്ന മാതാവിനെയും പിതാവിനെയും സംബന്ധിച്ച് അത് മരിച്ചു പോയാൽ മരിച്ചു പോയി എന്ന് കണക്കാക്കാം. പക്ഷെ മുറ്റത്ത് കളിക്കുന്ന കുഞ്ഞിനെ കാണാതായാൽ അത് ഉണ്ടോ അത് ആഹാരം കഴിച്ചോ ഉറങ്ങിയോ അതിന് വെള്ളം കൊടുത്തോ എന്ന്പോലും അറിയാതെ വേദനിക്കുന്ന അച്ഛന്റെയും അമ്മയുടെയും അവസ്ഥയെന്നു പറയുന്നത് വളരെ ദുഃഖകരമാണ്. അങ്ങനെ തമിഴ്നാട്ടിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അനേകം കുട്ടികളെ പിടിച്ചുകൊണ്ടുവന്ന് കേരള സംസ്ഥാനത്തെ ഹോട്ടലുകളിൽ ജോലി ചെയ്യിക്കുന്നുണ്ട്. ഏതാണ്ട് രാത്രി ഒരു മണി ഒന്നര മണിവരെ ഹോട്ടലുകളിൽ ജോലി ചെയ്യിപ്പിക്കും. പാത്രമെല്ലാം കഴുകി വച്ച് അവിടത്തെ മേശയെല്ലാം വൃത്തിയാക്കിയതിനുശേഷം ഈ കുഞ്ഞുങ്ങൾ കിടക്കാൻ പോകുമ്പോൾ മുതിർന്ന ആളുകൾ ഇവരെ പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇരയാക്കുകയാണ്. ഇത് കഴിഞ്ഞാൽ നേരം വെളുത്ത് ഒരു മൂന്ന് മൂന്നര നാല് മണിയോട് അടുക്കുമ്പോൾ വീണ്ടും എഴുന്നേറ്റ് ഈ ഹോട്ടലിലെ ജോലി ചെയ്യുകയാണ്. ബാലവേല നിരോധിച്ചിരിക്കുന്ന ഈ രാജ്യത്ത് ഭീകരമായി ഇത്തരം പീഡനങ്ങളും പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങളും ഹോട്ടലുകളും വ്യാപാര സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് നടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പോലീസ് വകുപ്പിനെയും ലേബർ വകുപ്പിനെയുംകൂടി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് അടിയന്തരമായി ഈ സ്ഥലങ്ങൾ റെയ്ഡ് ചെയ്ത് ഈ കുഞ്ഞുങ്ങളെ ഇതിൽ നിന്ന് മോചിപ്പിച്ച് അവരുടെ രക്ഷകർത്താക്കൾ എവിടെയുണ്ടെന്ന് കണ്ടെത്തി അതാത് സംസ്ഥാനങ്ങളിൽ പത്രങ്ങളിൽ പരസ്യം ചെയ്തും അവരുടെ ചിത്രങ്ങൾ പ്രസിദ്ധീകരിച്ചും അവരെ അവരുടെ രക്ഷിതാക്കളെ ഏല്പിക്കുകയും അനാഥരായ കുട്ടികളെ ശിശുക്ഷേമ സമിതിയുടെ മേൽനോട്ടത്തിൽ വളർത്തിയെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബഹുമാനപ്പെട്ട അംഗം കെ. ബി. ഗണേഷ് കുമാർ വളരെ ഗുരുതരമായ പ്രശ്നത്തിലേയ്ക്കാണ് സഭയുടെ ശ്രദ്ധക്ഷണിച്ചിട്ടുള്ളത്. അന്യ സംസ്ഥാനങ്ങളിൽനിന്ന് ബാലവേലയ്ക്കും ബാലഭിക്ഷാടനത്തിനുമായി കുട്ടികളെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്ന ചില സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സംസ്ഥാനത്ത് ഇത്തരത്തിലുള്ള പതിനൊന്ന് സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഇതിൽ എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് വീതവും തിരുവനന്തപുരം സിറ്റി തിരുവനന്തപുരം റൂറൽ, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോ കേസ്സുകളും രജിസ്റ്റർ ചെയ്യുകയും പതിനൊന്ന് കേസ്സുകളിലായി പത്തൊമ്പത് പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്തിനകത്ത് കടത്തിക്കൊണ്ടുവന്ന 67 കുട്ടികളെ പോലീസ് നടപടികളിലൂടെ മോചിപ്പിക്കുകയുണ്ടായി. 2000-ലെ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ സെക്ഷൻ 23, 24 പ്രകാരമാണ് പ്രതികൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. സാമൂഹ്യക്ഷേമ വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർകോട്, കണ്ണൂർ, പാലക്കാട് എന്നീ സ്ഥലങ്ങളിൽ കുട്ടികൾക്ക് സഹായത്തിനുവേണ്ടി ചൈൽഡ് ലൈൻ 1098 എന്ന നമ്പരിൽ ഒരു പ്രത്യേക ലാന്റ് ലൈൻ സംവിധാനം നിലവിലുണ്ട്. കൂടാതെ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജുവനൈൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി. മാരെ അതാത് ജില്ലകളിലെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി കളുമായുള്ള പോലീസ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ആഫീസർമാരായി ഇപ്പോൾ നിയമിച്ചിട്ടുണ്ട്. ബാലവേലയ്ക്കും ബാല ഭിക്ഷാടനത്തിനുമെതിരെ നടപടി സ്വീകരിക്കുന്നതിനായി എല്ലാ പോലീസ് സൂപ്രണ്ടു മാർക്കും ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിനോട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുവാൻ നിർദ്ദേശം നൽകുന്നതായിരിക്കും. അതത് പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകൾ, പൊതുപ്രവർത്തകർ, റസിഡന്റ്സ് അസോസ്സിയേഷനുകൾ, എൻ.ജി.ഒ.മാർ, എന്നിവരുടെ സഹകരണത്തോടെ ബാലവേല, ഭിക്ഷാടനം എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് നിയമ നടപടികൾ സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് മുതലായ സ്ഥലങ്ങളിൽ പോലീസ് ബീറ്റ് ശക്തമാക്കി വേണ്ട നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിലുള്ള പോലീസ് നടപടികൾ ജില്ലാ സൂപ്രണ്ടുമാർ എല്ലാ മാസവും കൂടുന്ന കോൺഫറൻസിൽ അവലോകനം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നതാണ്. ഇതോടൊപ്പംതന്നെ കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ബാലവേലയും ബാലഭിക്ഷാടനത്തിനുമായി കുട്ടികളെ കടത്തി കൊണ്ടുവരുന്നത് ഒരു പ്രത്യേക ഇനമായെടുത്ത് നടപടിയെടുക്കുവാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(13) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. വി. എൻ. വാസവൻ: സർ, ഇ.പി.എഫ് പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. 1995-ൽ നടപ്പിലാക്കിയ പെൻഷൻ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. നാലു കോടിയോളം തൊഴിലാളികൾ ഈ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിൽത്തന്നെ ഏതാണ്ട് മൂന്നു ലക്ഷത്തോളം തൊഴിലാളികൾ വരും. ഇവർക്ക് ഈ പെൻഷൻ പദ്ധതി മൂന്നു വർഷത്തിനുശേഷം പുനഃപരിശോധിക്കുമെന്ന് അന്ന് പ്രഖ്യാപിച്ചതാണ്. വളരെ തുച്ഛമായ പെൻഷനാണ് ലഭിക്കുന്നത്. ഒരർത്ഥത്തിൽ ഒരു തീവെട്ടിക്കൊള്ളയാണ്. ഉള്ള അംശദായമെല്ലാം പിടിച്ചതിനുശേഷം കാലാകാലങ്ങളിൽ ഇതിന്റെ പലിശ കുറയ്ക്കുന്നു എന്നുള്ളതൊഴിച്ചാൽ കേന്ദ്ര ഗവൺമെന്റ് ഈ രംഗത്ത് തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കിയുള്ള പ്രവർത്തനം സംഘടിപ്പിക്കുകയോ പെൻഷൻ കാലോചിതമായി പരിഷ്ക്കരിക്കുകയോ ചെയ്യുന്നില്ല. ഇത്തരമൊരു ദുഃസ്ഥിതിയിൽ നിൽക്കുമ്പോൾ മരുന്ന് വാങ്ങാൻ പോലുമുള്ള പണം വാസ്തവത്തിൽ ഈ തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly